**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6492** **20-03-2023 - ൽ മറുപടിയ്ക്ക്**

**റോഡുകൾ പുനഃസ്ഥാപിക്കുന്നതിനായുള്ള ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നടുവണ്ണൂർ, കോട്ടൂർ ഗ്രാമപഞ്ചായത്തുകളിൽ ജലജീവൻ പദ്ധതിയുടെ പൈപ്പ് ലൈൻ ഇടുന്നതിനായി ഗ്രാമപഞ്ചായത്ത് റോഡുകളിൽ ട്രഞ്ച് ഇടുമ്പോൾ, പ്രസ്തുത റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ റോഡുകൾ പൂർണ്ണമായും ട്രഞ്ച് ഇട്ടതിന്റെ ഭാഗമായി ഗതാഗത യോഗ്യമല്ലാതായി തീരുകയും ഗ്രാമപഞ്ചായത്തിന് റോഡുകൾ പുനഃസ്ഥാപിക്കുന്നതിന് ഫണ്ട് ലഭിക്കാതിരിക്കുകയും ചെയ്യുന്ന ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടൂർ പഞ്ചായത്തിൽ ആകെ 7829 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 3453.12 ലക്ഷം രൂപയുടെ ഭരണാനുമതിയും നടുവന്നൂർ പഞ്ചായത്തിൽ 4308 കണക്ഷനുകൾ നൽകുന്നതിനായി 2219.32 ലക്ഷം രൂപയുടെ ഭരണാനുമതിയുമാണ് നൽകിയിട്ടുള്ളത്. പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. എന്നാൽ ഈ പഞ്ചായത്തുകളിൽ റോഡ് പുനരുദ്ധാരണത്തിനു വേണ്ടിയുള്ള തുക ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടില്ല.<br><br>ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ താൽകാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ (എസ്.എൽ.എസ്.എസ്.സി) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളു. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ താൽകാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ അൺ-റൈഡ് ഗ്രാന്റ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിലാണ് റോഡുകളുടെ |

| | | | |
|---|---|---|---|
| | | | പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുള്ളത്. |
| (സി) | ഇതര ഗ്രാമപഞ്ചായത്തുകളിലെ റോഡ് പുനഃസ്ഥാപനത്തിന് ഫണ്ട് അനുവദിക്കുകയും നടവണ്ണൂർ, കോട്ടൂർ ഗ്രാമപഞ്ചായത്തുകൾക്ക് പ്രസ്തുത ഫണ്ട് നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കുമോ? | (സി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടൂർ പഞ്ചായത്തിൽ ആകെ 7829 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 3453.12 ലക്ഷം രൂപയുടെ ഭരണാനുമതിയും നടുവണ്ണൂർ പഞ്ചായത്തിൽ 4308 കണക്ഷനുകൾ നൽകുന്നതിനായി 2219.32 ലക്ഷം രൂപയുടെ ഭരണാനുമതിയുമാണ് നൽകിയിട്ടുള്ളത്. പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. എന്നാൽ ഈ പഞ്ചായത്തുകളിൽ റോഡ് പുനരുദ്ധാരണത്തിനു വേണ്ടിയുള്ള തുക ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടില്ല.<br><br>ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ താൽകാലികമായി പുനസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ (എസ്.എൽ.എസ്.എസ്.സി) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം റോഡുകൾ താൽകാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനായി പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ അൺ-റൈഡ് ഗ്രാന്റ് ഉപയോഗിക്കുവാനും പഞ്ചായത്തുകൾക്ക് അനുമതിയുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിലാണ് റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ